# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 4278. 28/06/2012 - ലെ മറുപടിക്ക്

## ഹയർ സെക്കന്ററി സ്ക്കൂൾ അദ്ധ്യാപകരുടെ സ്ഥലംമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : | | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർ സെക്കണ്ടറി സ്ക്കൂൾ അദ്ധ്യാപകരുടെ സ്ഥലം മാറ്റം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഉണ്ട്. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 30/03/12 ലെ എ.ഡി.സി.5/16428/എച്ച്.എസ്.ഇ/11 നമ്പർ ഉത്തരവ് പ്രകാരമാണ് സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിച്ചത്. |
| (ബി) | മേൽ ഉത്തരവ് എന്ത് മാനദണ്ഡം അനുസരിച്ചാണ് ഇറക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | 27/05/2009 ലെ സർക്കാർ ഉത്തരവ് നം.(പി) 115/2009/പൊ.വി.വ അനുശാസിക്കും പ്രകാരമാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത്. |
| (സി) | സ്ഥലംമാറ്റ ഉത്തരവ് ഇറക്കുന്നതിനു മുമ്പ് തയ്യാറാക്കിയ പ്രൊവിഷണൽ ലിസ്റ്റിനെ കുറിച്ച് വ്യാപകമായ പരാതികൾ ലഭിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | ഉണ്ട്. ഹയർ സെക്കന്ററി അധ്യാപകരുടെ 2011-12 വർഷത്തെ പൊതു സ്ഥലംമാറ്റത്തിന്റെ താൽക്കാലിക ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 18/02/12 ലാണ്. പരാതികളും ആക്ഷേപങ്ങളും അറിയിക്കുന്നതതിലേയ്ക്കായി 23/02/12 വൈകുന്നേരം 5 മണിവരെ സമയം നൽകിയിട്ടുണ്ടായിരുന്നു. ആകെ 914പരാതികൾ ലഭിച്ചിട്ടുണ്ടായിരുന്നു. ലഭിച്ച പരാതികളെല്ലാം പരിശോധിച്ച് നിലവിലെ ചട്ടങ്ങൾക്കനുസൃതമായി അർഹമായ പരാതികൾ പരിഹരിച്ചിട്ടുണ്ട്. |
| (ഡി) | ഈ പരാതികളെക്കുറിച്ച് അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ; കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയായിരുന്നു; | (ഡി) | ഉണ്ട്. 03/03/12 സർക്കാർ ഉത്തരവ് നം.G.O (Rt) N0.1033/12/Gl.Edn പ്രകാരം രൂപീകരിച്ച കമ്മിറ്റിയിൽ പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ എന്നിവരായിരുന്നു അംഗങ്ങൾ. |

(..2)

(ഇ) ഇതു സംബന്ധിച്ച് കമ്മിറ്റി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; കമ്മിറ്റിയുടെ കണ്ടെത്തൽ എന്തായിരുന്നു; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) കമ്മിറ്റി ഒരു അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. കമ്മിറ്റിയിൽ അംഗമായിരുന്ന പൊതു വിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ സെക്രട്ടറി സ്ഥലംമാറ്റ അപേക്ഷകളും അതുമായി ബന്ധപ്പെട്ട പരാതികളും കമ്മറ്റിയിലെ മറ്റൊരംഗമായിരുന്ന ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ സാന്നിധ്യത്തിൽ പരിശോധിക്കുകയും പ്രൊവിഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട അനുകമ്പാർഹ സ്ഥലംമാറ്റം,'ത്രോൺ ഔട്ട്' എന്നീ വിഭാഗങ്ങൾക്ക് നടത്തിയ സ്ഥലം മാറ്റത്തിൽ ചില അപാകതകൾ കണ്ടെത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ലിസ്റ്റ് പ്രകാരം ഉള്ള സ്ഥലം മാറ്റം തൽക്കാലം നടത്തേണ്ടതില്ല എന്ന നിർദ്ദേശത്തോടെ വിശദമായ ഒരു കുറിപ്പ് സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

(എഫ്) കമ്മിറ്റിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ ലിസ്റ്റിൽ മാറ്റം വരുത്തിയാണോ അന്തിമ സ്ഥലംമാറ്റ ഉത്തരവ് ഇറക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ?

(എഫ്) കമ്മിറ്റിയിൽ അംഗമായിരുന്ന പൊതു വിദ്യാഭ്യാസ അഡീഷണൽ സെക്രട്ടറി സർക്കാരിന് സമർപ്പിച്ച വിശദമായ കുറിപ്പിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക ലിസ്റ്റിലെ അപാകതകൾ പരിഹരിച്ചാണ് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അന്തിമ ലിസ്റ്റ് പുറപ്പെടുവിച്ചത്.

സെക്ഷൻ ഓഫീസർ.